Website
Joint(C)
28/5/14

"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

**സമയബന്ധിതം**

## വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

**ഇ2/11303/14** **തൈയ്ക്കാട്, തിരുവനന്തപുരം**
**തീയതി ; 28/5/2014**

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2014-15 സാമ്പത്തിക വർഷത്തിൽ 87- മോഡണൈസേഷൻ-റി അഫിലിയേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഉപകരണ സംഭരണം -ശുപാർശ അയയ്ക്കുന്നത് -സംബന്ധിച്ച്.

സൂചന:-1) ഡി.ജി.ഇ.റ്റി-യുടെ 24/4/2014-ലെ DGE&T-6/Misc-2014-TC നമ്പരായ കത്ത്.
2) 16-5-2014-ലെ സി3/23384/14 നമ്പരായ സർക്കുലർ

**************

**അഞ്ച് വർഷത്തിന് മുമ്പ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളും വീണ്ടും അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്ന് ഡി.ജി.ഇ.റ്റി-യുടെ സൂചന കത്ത്പ്രകാരം നിർദ്ദേശിച്ചിരുന്നു.**

നടപ്പ് സാമ്പത്തിക വർഷത്തിൽ 2230-03-101-87-Modernisation of I.T.Is-34- O.C- 3 Other Items-Plan എന്ന ശീർഷകത്തിൽ അഫിലിയേഷൻ നേടിയെടുക്കുന്നതിന് ആവശ്യമായ ഉപകരണ സംഭരണത്തിന് വേണ്ടി 30 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ **അഞ്ച് വർഷത്തിന് മുമ്പ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ ട്രേഡുകൾക്കും വീണ്ടും അഫിലിയേഷൻ ലഭിക്കുന്നതിന് വേണ്ടി ആവശ്യമായ ഉപകരണങ്ങൾ** താഴെപ്പറയുന്ന മാതൃകാഫോറത്തിൽ അയച്ചു തരേണ്ടതാണ്. അതോടൊപ്പം ടി ഉപകരണങ്ങൾ ഡി.ജി.ഇ.റ്റി-യുടെ സിലബസ് പ്രകാരമാണെന്ന് ഉറപ്പ് വരുത്തി വിശദവും ആവശ്യവുമായ

സ്പെസിഫിക്കേഷനോടുകൂടി മാർക്കറ്റിൽ ലഭ്യമായ ഉപകരണത്തിന് എത്ര തുക വേണ്ടിവരും എന്നുമുള്ള വിവരങ്ങൾ പ്രിൻസിപ്പാളിന് വ്യക്തമായി ബോധ്യപ്പെട്ടതിന്ശേഷം മാത്രമേ തയ്യാറാക്കി അയച്ചുതരുവാൻ പാടുള്ളൂ.

## പ്രൊഫോർമ

**റീ അഫിലിയേഷൻ നേടിയെടുക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ (ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം ശുപാർശ സമർപ്പിക്കേണ്ടതാണ്.)**

**ഐ.ടി.ഐ.യുടെ പേര്** ..

**ട്രേഡ്** ..

| Sl.No | Name .of item as per syllabus | Quantity required as per syllabus | Quantity available as per stock register | Quantity required | Estimated rate per item | Total estimated cost | Remarks |
|---|---|---|---|---|---|---|---|
| | | | | | | TOTAL | |
| | | | | | | | |

പ്രസ്തുത പ്രൊഫോർമ എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി സി.ഡി ഉൾപ്പെടെ 09-6-14-**ന് മുമ്പ്** ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അയച്ചുതരേണ്ടതാണ്.

അഫിലിയേഷൻ ലഭിച്ച് 5 വർഷത്തിലധികമായിട്ടുള്ള എല്ലാ ഗവൺമെന്റ് ഐ.ടി.ഐ.കളും 2014-15 സാമ്പത്തിക വർഷത്തിൽ തന്നെ റീ അഫിലിയേഷൻ നേടിയെടുക്കുന്നതിന് അപേക്ഷിക്കേണ്ടതാണെന്നും ആഗസ്റ്റ് 2015-ന് മുമ്പ് റീ അഫിലിയേഷൻ ലഭിക്കാത്ത ഐ.ടി.ഐ.കളിൽ 2015-16 വർഷം എൻ.സി.വി.റ്റി ട്രേഡുകളിൽ അഡ്മിഷൻ നടത്താൻ അനുവദിക്കുന്നതല്ലായെന്നും സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തിര പ്രാധാന്യം നൽകി സമയബന്ധിതമായി പ്രസ്തുത ശുപാർശകൾ അയച്ചുതരേണ്ടതാണ്. 09-6-2014-**ന് ശേഷം ലഭിക്കുന്ന ശുപാർശകൾ**

യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. റീ അഫിലിയേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഉപകരണം ഇല്ലാത്തതിനാൽ ടി ട്രേഡിന് റീ അഫിലിയേഷൻ, ലഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാളിന് മാത്രമായിരിക്കും

ആയതിനാൽ സമയബന്ധിതമായി പ്രസ്തുത ശുപാർശ അയച്ചുതരുവാൻ എല്ലാ പ്രിൻസിപ്പാൾമാരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
പകർപ്പ് : സംഭരണ ഫയൽ

എല്ലാ ഐ.ടി.ഒ.മാർക്കും (ബന്ധപ്പെട്ട ഐ.ടി.ഒ.മാരുടെ കീഴിലുള്ള ഐ.ടി.ഐ കളിൽ നിന്നും സമയബന്ധിതമായി ശുപാർശ ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്)